# Weekly Devotions of February 2015




(B)

## സഹോദരന്മാരുടെ ദൃഢനിശ്ചയം

ബിഷപ്പ് റൈറ്റിന്റെ മക്കളാണ് വിൽബർ റൈറ്റും , ഓർവിൽ റൈറ്റും. അവരുടെ പിതാവ് ചെറുപ്പം മുതലേ ദൈവവഴികളിലാണ് അവരെ വളർത്തിയത്.റൈറ്റ് സഹോദരൻമാർ ആദ്യ വിമാനംപറപ്പിക്കലിലൂടെ ലോകപ്രസിദ്ധരായപ്പോൾ സ്പെയിൻ രാജാവ് അവരെ സന്ദർശിക്കുവാനായി ചെന്നു. വിമാനം പറപ്പിക്കുന്നതു കാണുവാൻ രാജാവ് എത്തിയിട്ടുെ ന്ന കാര്യം അംബാസഡർ വന്നറിയിച്ചു. അന്ന് ഞായറാഴ്ച ആയതിനാൽ വിനയാന്വിതനായി ക്ഷമാപണത്തോടെ വിൽബർ അത് നിരസിച്ചു. ‘‘ഞാനും എന്റെ സഹോദരനും ഞായറാഴ്ചകളിൽ വിമാനം പറപ്പിക്കാറില്ല’’ എന്നറിയിച്ചു. അങ്ങനെ അവർ കർത്തൃദിവസത്തെ ശുദ്ധീകരിച്ചു. സ്പെയിൻ രാജാവിനോട് ബഹുമാനം ഉെ

ക്കിലും അതിലും ഉന്നതനായ രാജാധിരാജനെ എങ്ങനെ ബഹുമാനി ക്കാതിരിക്കും. ഇപ്രകാരം ചിന്തിപ്പാൻ എത്രപേർക്ക് കഴിയും ? ആത്മ ധൈര്യം ഉള്ളവർക്കേ അപ്രകാരം പറയുവാൻ കഴിയുകയുള്ളൂ.

"ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷി ക്കാതെ .................. സൂക്ഷിച്ചുകൊൾക" (എബ്രാ 10:24)ഉപേക്ഷിക്കയില്ല എന്ന് പറയുവാൻ ധൈര്യം വേണം, ആ ധൈര്യത്തിന് പ്രതിഫലം ഉ ന്ന് ഓർക്കുക. "അതുകൊ ് മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്.ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപി ഷാൻ സഹിഷ്ണത നിങ്ങൾക്കാവശ്യം"(എബ്രാ:10:35,36)

**<u>വിശുദ്ധദിവസം എങ്ങനെ ദൈവേഷ്ടം ചെയ്യുവാൻ കഴിയും</u>**

Read യെശ: (58:13,14)ഈ ഭാഗത്തുള്ള ചില നിർദ്ദേശങ്ങൾ (കർത്താവ് അരുളിചെയ്യുന്നത്) ശ്രദ്ധിക്കുക.

1. നീ എന്റെ വിശുദ്ധദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കി വയ്ക്കുക.

2. യഹോവയുടെ വിശുദ്ധദിവസം ആത്മസന്തോഷം അനുഭവിപ്പാൻ വ്യർത്ഥ ചിന്ത മാറ്റുക.

3. യഹോവയെ ബഹുമാനിക്കുന്നവൻ വിശുദ്ധദിവസത്തെയും ബഹു മാനിക്കും.

4. നിന്റെ വേലയ്ക്കു പോകുകയോ, നിന്റെ കാര്യാദികൾ നോക്കുകയോ ചെയ്യരുത്.

5. വ്യർത്ഥ സംസാരത്തിൽ സമയം പാഴാക്കരുത്.

ഇപ്രകാരം വിശുദ്ധദിവസത്തെ മാനിക്കുന്നവനെ യഹോവയും മാനിയ്ക്കും. "ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കുക യും, നിന്റെ പിതാവായ യാക്കോബിന്റെ അവകാശം കൊ ് നിന്നെ പോഷിപ്പിക്കുകയും ചെയ്യും" (യെശ:58:14)

Please Read -ആവ:(28:1-14)

ഓർക്കുക- യഹോവ നിന്നെ വാലല്ല , തലയാക്കും. നീ ഉയർച്ചതന്നെ പ്രാപിക്കും, താഴ്ച പ്രാപിക്കുകയില്ല എന്ന് വാഗ്ദത്തം തന്നവൻ വാക്കുമാറാത്തവനാണ്."ശബ്ബത്തിനെ അശുദ്ധമാക്കാതെ പ്രമാണിച്ച് ദോഷം ചെയ്യാതവണ്ണം തന്റെ കൈ സൂക്ഷിച്ചും കൊ ് ഇത് ചെയ്യുന്ന മർത്യനും, ഇത് മുറുകെ പിടിക്കുന്ന മനുഷ്യനും ഭാഗ്യവാൻ എന്ന് വചനം പറയുന്നു". (യെശ 56:2) ഈ ഭാഗ്യാവസ്ഥയിലാകുവാൻ അവന്റെ കല്പനകൾ അനുസരിക്കുമെന്ന് ധൈര്യത്തോടെ തീരുമാനിക്കുക.

## പ്രാർത്ഥന

അഖിലാണ്ഡത്തിന്റെ ഉടയവനായ കർത്താവേ ! അങ്ങയുടെ എല്ലാ മനോഹര സൃഷ്ടികളേയും ഞങ്ങൾക്ക് അനുഭവിപ്പാൻ തന്നതിനായി സ്തോത്രം.കർത്തൃദിവസം ശുദ്ധീകരിപ്പാൻ ഞങ്ങളെ പഠിപ്പിച്ചതിന് നന്ദി, വിശുദ്ധദിവസം സ്വന്ത താൽപര്യങ്ങൾക്കായി ഉപയോഗിച്ചത് ക്ഷമിക്കേണമേ, തെറ്റ് തിരുത്തി ജീവിപ്പാൻ ധൈര്യം തരേണമേ.

**ആമേൻ**



Sis. Shanthamma Varghese

ശാന്തമ്മ വറുഗീസ്